LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പരിശോധിച്ചിട്ടുണ്ട്. സാധനങ്ങളുടെ ലഭ്യതയിലുണ്ടായ കാലവിളംബംമൂലം വിൽപ്പന കുറവ് സംഭവിച്ചിട്ടുണ്ട്.

(ഡി) നന്മ സ്റ്റോറിലെ വിൽപ്പന കുറയുന്നതിനാൽ ജീവനക്കാരുടെ ശമ്പളം മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വിൽപ്പന കുറഞ്ഞ ചില യൂണിറ്റുകളിൽ ജീവനക്കാരുടെ ശമ്പളം താമസിച്ചിട്ടുണ്ട്. എൻ.സി.ഡി.സി. അനുവദിച്ചിട്ടുള്ള ഫണ്ട് ഉൾപ്പെടെയുള്ള സാമ്പത്തിക സ്രോതസ്സുകൾ ഉപയോഗിച്ച് നന്മ സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

സഹകരണ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ

80 (2318) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിന് സഹകരണ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) സഹകരണ വകുപ്പിലെ ക്രമക്കേടുകൾ വർദ്ധിക്കുന്നതിന് കാരണം ജീവനക്കാരുടെ അഭാവമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കനുപാതികമായി സ്റ്റാഫ് പാറ്റേൺ നിലവിലുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സാമ്പത്തിക ക്രമക്കേടുകൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്രമക്കേടുകൾ നിയന്ത്രിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ കർശനമായി നടപ്പാക്കി വരുന്നു. സഹകരണ വകുപ്പ് തലത്തിൽ സംഘങ്ങളിൽ മിന്നൽ/വിശദ പരിശോധനകൾ നടത്തുകയും പരിശോധന വേളയിലും ആഡിറ്റ് വേളയിലും കണ്ടെത്തുന്ന ന്യൂനതകൾ, ക്രമക്കേടുകൾ എന്നിവയിന്മേൽ വിശദ പരിശോധനകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ക്രിമിനൽ നിയമപ്രകാരമുള്ള

നടപടികളടക്കമുള്ള മേൽനടപടികൾ ഉത്തരവാദികൾക്കെതിരെ സ്വീകരിച്ചുവരികയും മാത്രമല്ല സാമ്പത്തിക ക്രമക്കേടുകളിൽ ഭരണസമിതി ഉത്തരവാദിയാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയാൽ ഭരണസമിതിക്കെതിരെ കേരള സഹകരണ നിയമം, വകുപ്പ്, ചട്ടം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നു. കൂടാതെ സഹകരണ സംഘങ്ങളുടെ ആഡിറ്റ് ശക്തിപ്പെടുത്തി അഴിമതി കുറയ്ക്കുന്നതിനും ക്രമക്കേടുകൾ കണ്ടെത്തുന്നതിനും പ്രത്യേക ആഡിറ്റ് വിഭാഗം ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ ബാങ്കിംഗ് റെഗുലേഷൻ നിയമപ്രകാരം പ്രവർത്തിക്കുന്ന അർബൻ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുന്നതിന് ഒരു ഇൻസ്പെക്ഷൻ സെൽ രജിസ്ട്രാറുടെ നിയന്ത്രണത്തിൽ രൂപീകരിച്ച് പ്രവർത്തനം തുടരുന്നു. സഹകരണ സ്ഥാപനങ്ങളിൽ സാമ്പത്തിക തിരിമറികൾ നടത്തിയ ജീവനക്കാരിൽനിന്നും ക്രമക്കേട് നടത്തിയ തുകകൾ ഈടാക്കുകയും സർവ്വീസിൽ നിന്ന് പിരിച്ചു വിട്ടും തസ്തികയിൽ നിന്ന് തരംതാഴ്ത്തിയും നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) സഹകരണ സംഘം രജിസ്ട്രാർ അന്വേഷണത്തിന് കൈമാറുന്ന പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് കൈമാറുന്നതിനുള്ള അധികാരം മാത്രമാണ് നിലവിലുള്ള സഹകരണ വിജിലൻസ് വിഭാഗത്തിന് നൽകിയിട്ടുള്ളത്. വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ച് നടത്തിയ വിലയിരുത്തലിൽ അടിയന്തര പ്രാധാന്യമുള്ള പരാതികളിൽ പോലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വളരെയേറെ കാലതാമസം വരുന്നതായും ഒട്ടേറെ പരാതികൾ അന്വേഷണം പൂർത്തിയാകാതെ ബാക്കി നിൽക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുടെ സ്വഭാവം ക്രിമിനൽ കേസുകളുടേതിൽനിന്നും വിഭിന്നമായതിനാൽ നിരന്തരമായ അന്വേഷണം നടത്തിക്കൊണ്ടു മാത്രമേ അത്തരം ക്രമക്കേടുകളും അഴിമതികളും തടയാൻ കഴിയുകയുള്ളൂ. ആയതിനാൽ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളും അഴിമതിയും ഫലപ്രദമായി തടയുന്നതിനും അംഗങ്ങളുടെ താൽപ്പര്യം പൂർണ്ണമായി സംരക്ഷിച്ച് സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമായ പ്രവർത്തനത്തിനുമായി നിലവിലുള്ള സഹകരണ വിജിലൻസ് വിഭാഗം പുനഃസംഘടിപ്പിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും തീരുമാനം നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(സി) സഹകരണ വകുപ്പിൽ ക്രമക്കേടുകൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 25-5-1981-ലെ ജി.ഒ. (എംഎസ്.) 191/81/എ.ഡി. ഉത്തരവ് പ്രകാരമുള്ള സ്റ്റാഫ് പാറ്റേണാണ് സഹകരണ വകുപ്പിൽ നിലവിലുള്ളത്. ആയതിനുശേഷം സഹകരണ സ്ഥാപനങ്ങളുടെ എണ്ണത്തിലും പ്രവർത്തനങ്ങളിലും പതിൻമടങ്ങ് വർദ്ധനവ് ഉണ്ടായി. സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തിയിട്ടില്ല. ഇതുകാരണം ജീവനക്കാരുടെ ജോലി ഭാരം അധികരിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly